(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിലായി വർദ്ധിച്ചുവരുന്ന ആകെ റവന്യൂ വരുമാനം ഇപ്രകാരമാണ്:

വർഷം		രൂപ (കോടിയിൽ)
2001-2002	..	9056.39
2002-2003	..	10633.89
2003-2004	..	11733.10

(സി) 2004 മെയ് വരെ 2680.34 കോടി രൂപ.

(ഡി) വിൽപ്പന നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എല്ലാ ജില്ലകളിലേയും ഉദ്യോഗസ്ഥരുടെ കോൺഫറൻസ് വിളിച്ചുകൂട്ടി നികുതി പിരിവ് ഊർജ്ജിതമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി 2004 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സെറ്റിൽമെന്റ് സ്കീം കൊണ്ടുവരികയുണ്ടായി. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൊമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ വിംഗ് എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി

2 [1971] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ ഉണ്ടായിട്ടുള്ള മാറ്റം എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ ഏതെല്ലാം ഏജൻസികളിൽ നിന്ന്/സ്ഥാപനങ്ങളിൽ നിന്ന് കടം വാങ്ങിയെന്നും എത്ര വീതം കടം വാങ്ങിയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗുണകരമായ മാറ്റം ഉണ്ടായിട്ടുണ്ട്. 47686.52 കോടി രൂപയുടെ പൊതു കടം തിരിച്ചടയ്ക്കുകയും കരാറുകാർക്ക് നൽകാനുണ്ടായിരുന്ന മുൻ കുടിശ്ശിക മുഴുവനും നൽകുകയും, സർക്കാർ ജീവനക്കാർക്ക് 6 ഗഡു ക്ഷാമബത്ത അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 മാർച്ച് വരെയുള്ള കാലയളവിൽ വിവിധ ഏജൻസികൾ/സ്ഥാപനങ്ങളിൽനിന്നും വികസന പ്രവർത്തനങ്ങൾക്കായി വാങ്ങിയ കടത്തിന്റെ താൽക്കാലിക കണക്ക് താഴെ പറയും പ്രകാരമാണ്:

1.	നബാർഡ്	..	414.12	കോടി രൂപ
2.	എൽ.ഐ.സി.	..	1251.58	,,
3.	ജി.ഐ.സി.	..	105.90	,,
4.	എൻ.സി.ഡി.സി.	..	186.88	,,
5.	പൊതുവിപണിയിൽ നിന്നുള്ള വായ്പ	..	3934.11	,, (Debt Swap Scheme-ന്റെ ഭാഗമായുള്ള ലോണുകളും ഈ തുകയിൽ ഉൾപ്പെട്ടിട്ടുണ്ട്).

ഇതിനു പുറമേ എ.ഡി.ബി.-യിൽ നിന്നും കേന്ദ്ര സർക്കാർ മുഖേന അധിക കേന്ദ്രസഹായമായി 601.30 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 70 ശതമാനം വായ്പയും 30 ശതമാനം ഗ്രാന്റുമാണ്.

ഭരണനവീകരണ പദ്ധതിയുടെ നിർവ്വഹണം

3 [1972] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എം. കുമാരൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണനവീകരണ പദ്ധതിക്കായി (എം.ജി.പി.) ഈ വർഷം എത്ര രൂപയാണ് സർക്കാർ നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എ.ഡി.ബി.-യുടെ രണ്ടാം ഗഡു വായ്പാസംഖ്യ ഭരണനവീകരണ പദ്ധതിക്കാണോ ചെലവഴിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(സി) ഭരണനവീകരണ പദ്ധതിയുടെ നിർവ്വഹണവും മോണിറ്ററിംഗും ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലാണോ നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭരണനവീകരണ പദ്ധതി (എം.ജി.പി.)-യ്ക്കായി ഈ വർഷം 521.75 കോടി രൂപയാണ് സർക്കാർ നീക്കിവച്ചിട്ടുള്ളത്.

(ബി) സാമ്പത്തിക പരിഷ്ക്കരണ നടപടികൾക്കും ഭരണനവീകരണത്തിനുമാണ് ഈ തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly